## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1640 — 11.2.2013-ൽ മറുപടിക്ക്

### ചെറുകിട ഇടത്തരം നഗരങ്ങളുടെ സംയോജിത വികസന പരിപാടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. എം.ആരിഫ് | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |

എ) സംസ്ഥാനത്തു നടന്നുവരുന്ന ചെറുകിട ഇടത്തരം നഗരങ്ങളുടെ സംയോജിത വികസന പരിപാടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

എ) 2005-06 ൽ കേന്ദ്രസർക്കാർ പ്രഖ്യാപിച്ച ജവഹർലാൽ നെഹ്റു നഗര നവീകരണ മിഷൻ പദ്ധതിയുടെ 4 ഘടകങ്ങളിൽ രണ്ടാമത്തേതാണ് ചെറുകിട ഇടത്തരം പട്ടണങ്ങളുടെ പശ്ചാത്തല സൗകര്യ വികസന പദ്ധതി (യു.ഐ.ഡി.എസ്.എസ്.എം.ടി). ഈ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ 80% കേന്ദ്ര വിഹിതവും 10% സംസ്ഥാന വിഹിതവും ബാക്കി 10% നഗരസഭാ വിഹിതവുമാണ്. തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകളും തൃപ്പൂണിത്തുറ, കളമശ്ശേരി നഗരസഭകളും ഒഴികെയുള്ള 54 നഗരസഭകൾ ഈ പദ്ധതിയുടെ കീഴിൽ വരുന്നു.

കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച ഈ പദ്ധതിയുടെ കാലാവധി 2011-12 വരെയായിരുന്നു. നടപ്പിലാക്കിവരുന്ന പ്രസ്തുത പദ്ധതികൾക്കുള്ള ധനസഹായം 2014 മാർച്ച് വരെ കാലാവധി ദീർഘിപ്പിച്ച് തന്നിട്ടുള്ളതാണ്. ഖരമാലിന്യ പരിപാലനം, കുടിവെള്ള വിതരണം, മലിനജല നിർമ്മാർജ്ജന സംവിധാനങ്ങൾ, റോഡുകളുടെ നിർമ്മാണവും പുനരുദ്ധാരണവും, പൊതു സ്വകാര്യ പങ്കാളിത്തത്തോടെയുള്ള പാർക്കിംഗ് സൗകര്യങ്ങൾ, പൈതൃക പ്രദേശങ്ങളുടെ സംരക്ഷണം, ജലസ്രോതസ്സുകളുടെ സംരക്ഷണം എന്നീ പദ്ധതികൾക്കാണ് യു.ഐ.ഡി.എസ്.എസ്.എം.ടിയിൽ ധനസഹായം ലഭിക്കുന്നത്. പദ്ധതിയിൽ ഉൾപ്പെടുന്നതിനായി നഗരസഭകൾ ചില ഭരണപരിഷ്ക്കാരങ്ങൾ നടപ്പാക്കാൻ ബാദ്ധ്യസ്ഥരാണ്.

| | |
|---|---|
| ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രസ്തുത പദ്ധതിക്കായി കേന്ദ്രത്തിൽ നിന്നും എത്ര തുക ഇതിനായി അനുവദിച്ചിട്ടുണ്ട്; | ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രസ്തുത പദ്ധതിക്കായി കേന്ദ്രത്തിൽ നിന്നും 10379.08 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| സി) ഈ തുകയിൽ നിന്നും ഏതെല്ലാം പട്ടണങ്ങളിലായി എത്ര തുക ചെലവഴിച്ചു; വ്യക്തമാക്കുമോ ? | സി) ലിസ്റ്റ് അനുബന്ധമായി വയ്ക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| Fund Release to ULB by KSUDP After May 2010 | | | | |
|---|---|---|---|---|
| Sl.No | Name of ULB | Project | Date of issue | Amount in Rs. |
| 1 | Payyannur | WS | 20.10.2010 | 506,00,000 |
| 2 | North Paravur | SWM | 1.11.2010 | 54,13,208 |
| 3 | Vadakara | WS | 26.3.2011 | 618,74,737 |
| 4 | Punalur | SWM | 18.4.2011 | 108,45,000 |
| 5 | Vadakara | WS. | 16.9.2011 | 850,00,000 |
| 6 | Payannur | WS | 11.11.2011 | 65,00, 000 |
| 7 | Alappuzha | WS | 11.11.2011 | 500,00,000 |
| 8 | Alappuzha | SWM | 15.12.2011 | 125,12,496 |
| 9 | Kalpetta | WS | 15 2.2012 | 9,51,60,048 |
| 10 | Guruvayur | WS | 27.2.2012 | 9,30,10,520 |
| 11 | Chavakkad | WS | 27. 2.2012 | 5,62,22,443 |
| 12. | Payannur | WS | 13.3.2012 | 53,44,216 |
| 13 | Vadakara | WS | 3.4.2012 | 76,62,000 |
| 14 | Alappuzha | WS | 7.4.2012 | 19,25,71,581 |
| 15 | Ottappalam | WS | 17.4.2012 | 5,32,44,665 |
| 16 | Malappuram | WS | 14.6.2012 | 5,84,50,810 |
| 17 | Perinthalmanna | WS | 14.6.2012 | 2,39,89,679 |
| 18 | Alappuzha | WS | 04.09.2012 | 11,90,48,960 |
| 19 | Kalpetta | WS | 19.09.2012 | 1,50,00,000 |
| 20 | Thalassery | WS | 8.11.2012 | 12,18,71,121 |
| 21 | Thiruvalla | WS | 14 12.2012 | 1,85,73,514 |
| 22 | Changanassery | WS | 14.12.2012 | 1,15,92,547 |
| 23 | Vadakara | WS | 28.12.2012 | 8,67,918 |
| | Total | | | **115,55,55,463** |

അണ്ടർ സെക്രട്ടറി